# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

08-06-2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1829

## വിഴിഞ്ഞം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം പദ്ധതിക്കായി എത്ര ഏക്കർ ഭൂമിയാണ് ഇനി ഏറ്റെടുത്ത് നൽകേണ്ടത്; ഇതിനായുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണ് ; | (എ) | വിഴിഞ്ഞം പദ്ധതിക്കായി 29.8 ഏക്കർ ഭൂമിയാണ് ഇനി ഏറ്റെടുത്ത് നൽകേണ്ടത്. CRZ – 1 മേഖലയിൽ ഉൾപ്പെടുന്ന ഭൂമിയിലെ നിർമ്മിതികളുടെ വില നൽകുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. ഈ പ്രദേശത്തെ ഭൂമിവില നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്കായി ഭൂമി വിട്ടുനൽകുന്നവർക്ക് നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (ബി) | ഈ പദ്ധതിക്കായി ഭൂമി വിട്ടുനൽകുന്നവർക്ക് ചുവടെ പറയും പ്രകാരമുള്ള നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.<br>1. ഭൂമിയുടെ വില.<br>2. വീടുള്ള ഭൂമി കൈമാറുന്നവർക്ക് പകരം 5 സെൻറ് ഭൂമി.<br>3. കൈമാറുന്ന ഭൂമിയിലുള്ള വീടുകൾക്ക് PWD നിശ്ചയിക്കുന്ന വിലയുടെ 50% അധികതുക ( ഇത് കുറഞ്ഞത് 3 ലക്ഷം എന്ന രീതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്.) മറ്റു നിർമ്മിതകൾക്ക് PWD നിശ്ചയിക്കുന്ന വില.<br>4. ജീവനോപാധി നഷ്ടമായും, വാടക ഇനത്തിലും ഹാർഡ്ഷിപ്പ് അലവൻസായും 6 മാസത്തേക്ക് നഷ്ടപരിഹാരം. |
| (സി) | തുറമുഖ നിർമ്മാണം തുടങ്ങുമ്പോൾ തന്നെ സ്ഥലം പൂർണ്ണമായും ഏറ്റെടുത്ത് തുറമുഖ കമ്പനിക്ക് കൈമാറണമെന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടോ ; | (സി) | തുറമുഖ നിർമ്മാണത്തിന്റെ നിയുക്ത തീയതിക്കു മുമ്പായി തുറമുഖ നിർമ്മാണത്തിന് ആവശ്യമായ 90% ത്തിൽ കുറയാതെ, ഭൂമി കൈമാറണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പാലിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഏറ്റെടുക്കുവാൻ വൈകുന്ന ഓരോ ദിവസവും ഏക്കറിന് എന്ത് തുകയാണ് കരാർ പ്രകാരം സർക്കാർ തുറമുഖ കമ്പനിക്ക് നഷ്ടപരിഹാര മായി നൽകേണ്ടതെന്ന് അറിയിക്കുമോ ? | ഡി) | ശേഷിക്കുന്ന ഭൂമി 12-05-2017 ന് മുമ്പായി ഏറ്റെടുത്ത് കൈമാറേണ്ടതായിരുന്നു. ഏറ്റെടുത്ത് കൈമാറുവാൻ വൈകുന്ന ഓരോ ദിവസവും ഏക്കറിന് 8093.72 രൂപ കരാർ പ്രകാരം അദാനി കമ്പനിക്ക് നഷ്ടപരിഹാരം നൽകേണ്ടിവരും. |

സെക്ഷൻ ഓഫീസർ